വിദേശ ടൂറിസ്റ്റുകളുടെ എണ്ണം

81 [399] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-01, 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ കേരളത്തിൽ എത്തിയ ആഭ്യന്തര വിദേശ ടൂറിസ്റ്റുകളുടെ എണ്ണം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ടൂറിസ്റ്റുകളുടെ എണ്ണം കൂടുകയാണോ കുറയുകയാണോ ഉണ്ടായത്;

(സി) എന്തൊക്കെ നടപടികളാണ് സ്വദേശ-വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	വിദേശം	ആഭ്യന്തരം
2000-01	229,222	5,074,915
2001-02	202,177	5,213,390
2002-03	258,042	5,665,661
2003-04	315,406	5,929,505

(ബി) 2001-2002 വർഷമൊഴികെ കൂടുകയാണ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത വിവരം താഴെ കാണിച്ചിരിക്കുന്നു:

വർഷം	വിദേശം	ആഭ്യന്തരം
2000-01	21.06 %	5.33 %
2001-02	-11.80 %	2.73 %
2002-03	27.63 %	8.68 %
2003-04	22.23 %	4.66 %

(സി) വിനോദ സഞ്ചാര വകുപ്പ് സംസ്ഥാനത്തേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഇന്ത്യയിലും, വിദേശത്തും വച്ച് നടക്കുന്ന ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കുകയും അതുവഴി കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ കുറിച്ച് വിവരങ്ങൾ നൽകുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ പ്രധാനപ്പെട്ട ടൂറിസം മേളകളിൽ വിനോദസഞ്ചാര വകുപ്പ് അന്നാട്ടിലെ ടൂർ ഓപ്പറേറ്റർമാരെയും ട്രാവൽ ഏജന്റുമാരെയും ക്ഷണിച്ച് അവർക്ക് കേരളത്തെക്കുറിച്ചും ഇവിടുത്തെ ടൂറിസം മേഖലയെക്കുറിച്ചും അവബോധം ഉണ്ടാക്കുകയും ചെയ്യുന്നതിനുവേണ്ടി റോഡ്ഷോകൾ സംഘടിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ വിദേശത്തേയും ഇന്ത്യയിലേയും പ്രമുഖ മാസികകളിൽ കേരളത്തെക്കുറിച്ചുള്ള പരസ്യം നൽകുകയും ചെയ്തുവരുന്നു. പ്രമുഖ ടെലിവിഷൻ ചാനലുകളിൽ പ്രചരണത്തിന്റെ ഭാഗമായി കേരളത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. പരസ്യ പ്രചരണത്തിനുവേണ്ടി ഇന്റർനെറ്റിനേയും വകുപ്പ് ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

അന്തർദേശീയ തലത്തിൽ പ്രസിദ്ധരായ മാദ്ധ്യമ പ്രവർത്തകരേയും ടൂർ ഓപ്പറേറ്റേഴ്സിനേയും കേരളത്തിലേക്ക് ക്ഷണിച്ചു വരുത്തി കേരളത്തിന്റെ ടൂറിസം പ്രാധാന്യം മനസ്സിലാക്കിച്ച് അതുവഴിയുള്ള പ്രചരണവും നടത്തിവരുന്നു. ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ഇന്ത്യയ്ക്കകത്ത് നടക്കുന്ന ഏകദേശം പ്രധാനപ്പെട്ട പതിനഞ്ചോളം ട്രാവൽ മാർട്ടുകളിൽ വകുപ്പ് പങ്കെടുത്തുവരുന്നു. ഇതിനെല്ലാം ഉപരിയായി 'കേരളാ ട്രാവൽ മാർട്ട്', മിസ്റ്റിക്സ് ഓഫ് മലബാർ, ബോട്ട് ഷോ എന്നിങ്ങനെ കേരളത്തിന്റെ തനത് ആകർഷണങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനുള്ള മേളകളും വർഷം തോറും നടത്തിവരുന്നു. കൂടാതെ ടോൾഫ്രീ ഫോൺ, ടൂറിസം വെബ്സൈറ്റ് (www.keralatourism.org) എന്നീ സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്.

സുനാമി ദുരന്തംമൂലം മരണമടഞ്ഞ വിദേശ സഞ്ചാരികൾ

82 [400] ശ്രീമതി രാധാരാഘവൻ:

ശ്രീ. ടി. എൻ. പ്രതാപൻ:

ഡോ. എം. എ. കുട്ടപ്പൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-നുണ്ടായ സുനാമി തിരകളിൽപ്പെട്ട് ഏതെങ്കിലും വിദേശസഞ്ചാരികൾ മരണപ്പെടുകയോ അവർക്ക് പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സുനാമി മൂലം ഉണ്ടായിട്ടുള്ള ദുരന്തം വിദേശ വിനോദസഞ്ചാരികളുടെ വരവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2004 ഡിസംബർ 26-ന് ഉണ്ടായ സുനാമി തിരകളിൽപ്പെട്ട് ഇതുവരെ ഒരു വിദേശസഞ്ചാരിയും മരണപ്പെടുകയുണ്ടായിട്ടില്ല. സുനാമിയുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ ചെറായിയിലുണ്ടായ സംഭവങ്ങളിൽ ഒരു ഇംഗ്ലണ്ടുകാരനും മൂന്ന് ന്യൂസിലാന്റുകാർക്കും നിസ്സാര പരിക്കേൽക്കുകയും അവരെ പറവൂരുള്ള ഡോൺബോസ്ക്കോ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly